# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

### പി.ജി ക്യാപ് 2024 – ലേറ്റ് രജിസ്ട്രേഷൻ / എഡിറ്റിംഗ്

### പി.ജി ക്യാപ് 2024 എഡിറ്റിംഗ്

2024-25 അധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുമ്പായി നേരത്തെ സമർപ്പിച്ച അപേക്ഷയിൽ എല്ലാ വിധ തിരുത്തലുകൾ (മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, ഡിഗ്രീ രജിസ്റ്റർ നമ്പർ എന്നിവ ഒഴികെ) വരുത്തുന്നതിനുള്ള സൗകര്യം സ്റ്റുഡന്റ് ലോഗിനിൽ 08.08.2024 മുതൽ 13.08.2024 വൈകീട്ട് 4 മണിവരെ ലഭ്യമായിരിക്കും.

വിദ്യാർത്ഥികൾക്ക് ഒരു തവണ മാത്രമേ എഡിറ്റ് ചെയ്യാനുള്ള (ONE TIME EDITING) സൗകര്യം ലഭ്യമാകുകയുള്ളൂ. ആയതുകൊണ്ട് തന്നെ വളരെ ശ്രദ്ധിച്ച് എല്ലാ തിരുത്തലുകളും വരുത്തിയതിന് ശേഷം മാത്രമേ അപേക്ഷ പൂർത്തീകരിക്കുവാൻ പാടുള്ളൂ.

‘ EDIT Application ’ എന്ന ലിങ്ക് ഉപയോഗിച്ച് എഡിറ്റിംങ് സൗകര്യം ഉപയോഗപ്പെടുത്തുന്ന മുഴുവൻ വിദ്യാർത്ഥികളും നിർബന്ധമായും കോളേജ് പ്രോഗ്രാം ഓപ്ഷനുകൾ ഉൾപ്പെടുത്തി അപേക്ഷ ഫൈനലൈസ് ചെയ്തു എന്നുറപ്പ് വരുത്തേണ്ടതും പുതുക്കിയ അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്. എഡിറ്റ് ചെയ്തവർ, പുതിയ പ്രിന്റൗട്ട് എടുത്താൽ മാത്രമേ അപേക്ഷ പൂർണ്ണമാവുകയുള്ളൂ.

ഒന്നാമത്തെ ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടിയവർ, ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായി മുഴുവൻ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്ത് പ്രവേശനം നേടിയവർ എന്നിവരൊഴികെ എല്ലാവർക്കും എഡിറ്റിംഗ് സൗകര്യം ലഭ്യമായിരിക്കും.

സാങ്കേതിക കാരണങ്ങളാൽ ഹയർ ഓപ്ഷൻ റദ്ദായിപ്പോയ വിദ്യാർത്ഥികളുടെ, ഹയർ ഓപ്ഷൻ, ഈ കാര്യം സൂചിപ്പിച്ച pgonline.uoc.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അപേക്ഷ നൽകിയാൽ, പ്രസ്തുത ഓപ്ഷനുകൾ പുനഃ സ്ഥാപിച്ചു നൽകുന്നതാണ്.

ഒന്നാമത്തെയോ രണ്ടാമത്തെയോ അലോട്ട്മെന്റുകളിൽ ഉൾപ്പെട്ട മാൻഡേറ്ററി ഫീ അടക്കാത്തത് കാരണമോ , അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സ്ഥിര അഡ്മിഷൻ എടുക്കാത്തതിനാലോ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്തായവർക്കും, റാങ്ക് ലിസ്റ്റിലേക്ക് ഉൾപ്പെടുന്നതിനായി എഡിറ്റിംഗ് സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. അപേക്ഷ എഡിറ്റ് ചെയ്ത് ഫൈനലൈസ് ചെയ്താൽ മാത്രമേ ഇത്തരം വിദ്യാർത്ഥികളെ വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുകയുള്ളൂ.

ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളെ നിലവിലെ അപേക്ഷ പ്രകാരം വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. എഡിറ്റിംഗ് സൗകര്യം ഉപയോഗപ്പെടുത്തി അപേക്ഷ പൂർത്തീകരിച്ച മുഴുവൻ വിദ്യാർത്ഥികളെയും പുതുക്കിയ അപേക്ഷയുടെ

അടിസ്ഥാനത്തിലായിരിക്കും വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുക.

രണ്ടാം അലോട്ട്മെന്റിന് ശേഷമുള്ള സീറ്റ് ഒഴിവ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>പി.ജി ക്യാപ് 2024 ലേറ്റ് രജിസ്ട്രേഷൻ</u>**

2024 –2025 അദ്ധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള പി.ജി. പ്രവേശനത്തിന് ലേറ്റ് ഫീയോടുകൂടിയുള്ള രജിസ്ട്രേഷനുള്ള സൗകര്യം **07.08.2024 മുതൽ** 13.08.2024 **വൈകീട്ട് 4 മണിവരെ** ലഭ്യമായിരിക്കും. വെബ്സൈറ്റ് : admission.uoc.ac.in. മേൽ പറഞ്ഞ തീയ്യതികളുള്ളിൽ ലേറ്റ് രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെയും വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. എം എ ഇംഗ്ലീഷ് പ്രോഗ്രാമിലേക്കുള്ള ലേറ്റ് രെജിസ്ട്രേഷന് , നോൺ – ഇംഗ്ലീഷ് (ബിരുദ തലത്തിൽ ഇംഗ്ലീഷ് കോർ വിഷയമായി പഠിക്കാത്തവർ) വിഭാഗത്തിൽ പെടുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല. ജനറൽ വിഭാഗത്തിന് **780/–** രൂപയും എസ് സി /എസ് ടി വിഭാഗത്തിന് **505/–** രൂപയുമാണ് ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് .
**21.08.2024** ന ശേഷം ലേറ്റ് രജിസ്ട്രേഷനുള്ള സൗകര്യം വീണ്ടും ലഭ്യമാക്കുന്നതാണ്.

എല്ലാ വിധ പ്രവേശനങ്ങൾക്കും മാൻഡേറ്ററി ഫീ അടക്കാനുള്ള ലിങ്ക് സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാവുന്നതാണ്.

കാ. യൂ. ക്യാമ്പസ്
07.08.2024

(ഒപ്പ്)
**ഡയറക്ടർ**